പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1736 25.3.2013 ൽ മറുപടിക്ക്

## സബ്ബ് ഇൻസ്പെക്ടർ പരീക്ഷയിലെ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് മൂന്ന് കാറ്റഗറികളിൽ വിവിധ ദിവസങ്ങളിലായി പി.എസ്.സി നടത്തിയ ഒ.എം.ആർ പരീക്ഷയിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം സിറ്റിയിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്. രണ്ടു കേസുകളിലായി 13 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| സി) പ്രാഥമിക ഒ.എം.ആർ പരീക്ഷയിൽ ക്രമക്കേടു കാട്ടിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) ക്രമക്കേട് കാട്ടിയ ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് പബ്ലിക് സർവ്വീസ് കമ്മീഷൻ അസാധുവാക്കുകയും ഇവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ഡി) പ്രസ്തുത തസ്തികയുടെ മെയിൻ പരീക്ഷ എത്ര പേർ എഴുതി; | ഡി) കാറ്റഗറി നം. 315/07- 2416<br>കാറ്റഗറി നം. 316/07- 65<br>കാറ്റഗറി നം. 317/07 -445<br>ആകെ - 2926<br>===== |
| ഇ) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടു; ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ; | ഇ) കാറ്റഗറി നം. 315/07- 2416<br>കാറ്റഗറി നം. 316/07- 65<br>കാറ്റഗറി നം. 317/07 - 445<br>ആകെ - 2926<br>=====<br>ഉത്തരകടലാസ് അസാധുവാക്കപ്പെട്ട ഒരു ഉദ്യോഗാർത്ഥിയും ഫലം തടഞ്ഞുവയ്ക്കപ്പെട്ട ഒരു ഉദ്യോഗാർത്ഥിയും ഒഴികെയുള്ള എല്ലാവരും ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കട്ട് ഓഫ് മാർക്ക് നിശ്ചയിച്ചിട്ടില്ല. |

| | |
|---|---|
| എഫ്) ഷോർട്ട് ലിസ്റ്റിൽ ഓരോ ഉദ്യോഗാർത്ഥിക്കും ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാറുണ്ടോ; | എഫ്) ഇല്ല. |
| ജി) ഉണ്ടെങ്കിൽ പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ മെയിൻ പരീക്ഷയിൽ ലഭിച്ച മാർക്ക് പ്രസിദ്ധീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ജി) ബാധകമല്ല. |
| എച്ച്) പോലീസ് സബ് ഇൻസ് പെക്ടർ പരീക്ഷയിലെ ക്രമക്കേടിനെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള കേസുകൾ ഹൈക്കോടതിയിലോ ഏതെങ്കിലും ട്രൈബ്യൂണലുകളിലോ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | എച്ച്) ഇതു സംബന്ധിച്ച് പത്തോളം കേസുകൾ ബഹു. ഹൈക്കോടതിയിലും/ട്രൈബ്യൂണലിലും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ